SJD/3921/2021-E6

/132810/2023

"ഭരണഭാഷ – മാതൃഭാഷ"

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 19-12-2023
Email-swdkerala@gmail.com
Phone-0471–2306040

<u>പരിപത്രം</u>

വിഷയം:- സാമൂഹ്യനീതി വകുപ്പ് – ജീവനക്കാര്യം – ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് SCORE പോർട്ടൽ മുഖേന സമർപ്പിക്കുന്നത് – നിർദ്ദേശം സംബന്ധിച്ച്.

സൂചന:- സാമൂഹ്യനീതി ഡയറക്ടറുടെ 13-02-2023 ലെ SJD/3921-E6 നം. നടപടിക്രമങ്ങൾ

ഡിപ്പാർട്ട് മെന്റ് പ്രമോഷൻ കമ്മിറ്റി (DPC) ചേർന്ന് തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം ലഭിക്കേണ്ട ജീവനക്കാർ തുടർച്ചയായ മൂന്നു വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് KS&SSR ചട്ടം 28 (b) (i) (4)-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. 2024 കലണ്ടർ വർഷത്തിൽ ഡിപിസി ( ഹയർ & ലോവർ) ചേർന്ന് നികത്തേണ്ടതായ വിവിധ തസ്തികകളിലെ ഒഴിവുകളിൽ ഉദ്യോഗക്കയറ്റ നിയമനം നടത്തുന്നതിലേക്കായി, SCORE മുഖേന 2023 ഡിസംബർ 31 വരെയുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ***യഥാവിധി മാനദണ്ഡം പാലിച്ച്*** ജീവനക്കാർ സമർപ്പിക്കേണ്ടതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത ജീവനക്കാരെ ഡി.പി.സി (ഹയർ & ലോവർ) കൂടുമ്പോൾ പ്രൊമോഷന് പരിഗണിക്കുന്നതല്ല. ആയതിനാൽ ഉദ്യോഗക്കയറ്റം ലഭിക്കേണ്ടതായ ഓരോ ജീവനക്കാരനും യഥാസമയം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ജീവനക്കാർ 2024 ജനുവരി 15-നകം കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

എച്ച്.ദിനേശൻ ഐ.എ.എസ്
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്
(കാര്യാലയ മേധാവി മുഖേന)

<u>പകർപ്പ്</u> :

1. എല്ലാ കാര്യാലയ മേധാവികൾക്കും.
2. സൂപ്രണ്ട്, ഐ.റ്റി സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
3. ഡയറക്ടറുടെ സി.എയ്ക്ക്
4. E1 മുതൽ E6 വരെയുള്ള വിവിധ സീറ്റുകൾക്ക്
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by H Dineshan
Date: 19-12-2023 09:59:30